(സി) 1961–62-ൽ ആകെ ടീച്ചർമാർ 21. ആകെ വിദ്യാർത്ഥികൾ 698. സ്കൂൾ സ്ഥല സൗകര്യത്തെപ്പറ്റിയും, അദ്ധ്യാപക വിദ്യാർത്ഥികളുടെയും ഇപ്പോഴത്തെ സംഖ്യയെപ്പറ്റിയും ഉള്ള വിവരം ലഭിച്ചിട്ടില്ല.

ശ്രീ. പി സി. രാഘവൻ നായർ : ഇതേ അദ്ധ്യാപകനെ അന്നത്തെ മാനേജർ 1958–ൽ പിരിച്ചുവിടുകയും ഡിപ്പാർട്ടുമെന്റു ആ മാനേജർ അയോഗ്യനാണെന്നു കണ്ടുപിടിച്ചു അദ്ധ്യാപകനെ തിരിയെ എടുക്കുകയും ചെയ്ത ശേഷം ഈ മാനേജരുടെ അയോഗ്യത മാറിയശേഷം വീണ്ടും ഈ അദ്ധ്യാപകനെ പിരിച്ചുവിടുകയാണു് ഉണ്ടായിട്ടുള്ളതെന്നു അറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടു്.

ശ്രീ. പി. നാരായണൻ തമ്പി : റിട്ട ആപ്ലിക്കേഷൻ കൊടുത്തതിനുമേൽ വല്ല സ്റ്റേയും വന്നിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഗവണ്മെൻറിനെ പ്രതിയാക്കി കേസു് കൊടുക്കുകയും, ഗവണ്മെൻറിനു നോട്ടീസു് കൊടുക്കുകയും ചെയ്യാൽ സാധാരണ ഗതിയിൽ സ്റ്റേയുടെ ഫലം തന്നെ ലഭിക്കുന്നതാണു്.

പ്രൈമറി സ്കൂൾഅദ്ധ്യാപകരുടെ വാർഷിക ഇംക്രിമെൻറു്.

* 855. [17] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959-ലും അതിനുശേഷവും നിയമിതരായ പ്രൈവറ്റു പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാർക്കു് 22–6–1962-ാം തീയതിക്കു ഒരു വാർഷിക ഇംക്രിമെൻറു മാത്രമേ കൊടുക്കാൻ പാടുള്ളൂ എന്നു കാണിച്ചുകൊണ്ടു് ഗവണ്മെൻറിൽനിന്നും വല്ല കല്പനയും കൊടുത്തിട്ടുണ്ടോ ;

(ബി) 1959 മുതൽ വാങ്ങിയ ഇംക്രിമെൻറു് തിരിച്ചു് അടച്ചുകൊള്ളേണ്ടതാണെന്നും ഇപ്പോൾ കല്പനയായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്താണു് കാരണം ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) സ്ഥിരപ്പെടുത്തിയിട്ടില്ലാത്ത അദ്ധ്യാപകന്മാർക്കു ഒരു കൊല്ലത്തെ സർവ്വീസിനുശേഷം ഇംക്രിമെൻറു കൊടുക്കാവുന്നതാണെന്നു ഉത്തരവു കൊടുത്തിട്ടുണ്ടു്.

(ബി, സി) അനധികൃതമായി വാങ്ങിയിട്ടുള്ള ഇംക്രിമെൻറു തിരിച്ചു കൊടുക്കേണ്ടതാണു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : 1959 മുതൽ ജോലിയിൽ ഉണ്ടായിരിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുള്ള അദ്ധ്യാപകരുടെ അവർ വാങ്ങിയിട്ടുള്ള ഇംക്രിമെൻറു മടക്കി കൊടുക്കുന്നതിൽനിന്നു അവരെ ഒഴിവാക്കാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : 59-ൽ സ്ഥിരപ്പെടുത്തിയിട്ടുള്ളവർക്കു ഇതു മടക്കി കൊടുക്കേണ്ടി വരികയില്ല. കാരണം ആണ്ടോടാണ്ടു temporary വേക്കൻസി ഉണ്ടാകുകയും ആ കാരണത്താൽ കൺഫേം ചെയ്യാതിരിക്കുകയും ചെയ്ത പ്രൈവറ്റു സ്കൂൾ എയിഡഡു് സ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചാണു് ഇതു ബാധകമായിട്ടുള്ളതു്.

ശ്രീ. മൊഹ്സിൻബിൻ അഹമ്മദു് : കോഴിക്കോട്ടു് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഇംക്രിമെൻറു് കൊടുക്കുവാൻ പാടില്ലെന്നും അതേ യവസരത്തിൽ എറണാകുളം ഡയറക്ടർ ഇൻക്രിമെൻറു കൊടുക്കുവാനും കൽപ്പന പുറപ്പെടുവിച്ചിട്ടുള്ള കാര്യം ഗവണ്മെൻറിനറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അങ്ങനെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. ഇതിനെപ്പറ്റി ഗവണ്മെൻറു വളരെ വ്യക്തമായ ഉത്തരവു കൊടുത്തിട്ടുണ്ടു്. അതനുസരിച്ചു ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly